"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ കോർപ്പറേഷൻ, വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ. ഷൺമുഖൻ.സി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)878/2024-ന്മേലുള്ള വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1865/2024/LSGD തീയതി,തിരുവനന്തപുരം, 06-10-2024

---

പരാമർശം:-

1. സ.ഉ (അച്ചടി) നം.228/2001/ധന തീയതി 02/02/2001
2. ശ്രീ. ഷൺമുഖൻ. സി സമർപ്പിച്ച 17.05.2024 തീയതിയിലെ അപേക്ഷ.
3. OA(EKM) 878/2024 ലെ 04/07/2024-ാം തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.08.2024-ാം തീയതിയിലെ LSGD/28328/2024/LL4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി 7.02.1996 മുതൽ 30.03.1998 വരെ കാലയളവിൽ റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതിനാൽ, പ്രസ്തുത സേവന കാലയളവായ 2 വർഷം 1 മാസം 25 ദിവസം കൂടി പെൻഷൻ കാൽക്കുലേഷൻ യോഗ്യതാ സേവന കാലയളവായി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട്, തൃശ്ശൂർ കോർപ്പറേഷൻ, വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ. ഷൺമുഖൻ. സി. OA(EKM)No. 878/2024 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു.

ആയതിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, പരാമർശം (2) പ്രകാരം ശ്രീ. ഷൺമുഖൻ. സി സമർപ്പിച്ചിട്ടുള്ള

അനക്ഷർ A8 അപേക്ഷ പരിഗണിച്ചുകൊണ്ട് 2 മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട്, ശ്രീ. ഷൺമുഖൻ സി പ്രവേശന കാലയളവിനുള്ളിൽ തന്നെ മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള പക്ഷം ടിയാന്റെ 07.02.1996 മുതൽ 30.03.1998 വരെയുള്ള റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിലെ സേവന കാലയളവ് കെ.എസ്.ആർ ഭാഗം III ചട്ടം 20 ന്റെ അടിസ്ഥാനത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസിനൊപ്പം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)No. 878/2024 മേലുള്ള ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് മുഖേന )
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് സെക്രട്ടറി, ഇലക്ട്രിസിറ്റി വകുപ്പ്, തൃശ്ശൂർ കോർപ്പറേഷൻ
4. ശ്രീ. ഷൺമുഖൻ. സി, സീനിയർ സൂപ്രണ്ട്(റിട്ട), ഇലക്ട്രിസിറ്റി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ (അസിസ്റ്റന്റ് സെക്രട്ടറി, ഇലക്ട്രിസിറ്റി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ മുഖാന്തിരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. EWB/156/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 06-10-2024 11:59:46

സെക്ഷൻ ഓഫീസർ